പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2459 27-10-2026-ൽ മറുപടിയ്ക്ക്

എസ്.എ.ഐ.എൽ- എസ്.സി.എൽ-ലെ തൊഴിലാളികൾക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. പി. എ. മുഹമ്മദ് റിയാസ്	ശ്രീ. എം. ലിജു (സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) പ്രവർത്തനം നിലച്ച സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് -സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ് -ലെ തൊഴിലാളികൾക്ക് അന്യത്ര സേവന വ്യവസ്ഥയിൽ ബിവറേജസ് കോർപ്പറേഷനിൽ നൽകിയിരുന്ന നിയമന കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

മറുപടി: സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് - സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡിൽ നിന്നും ബിവറേജസ് കോർപ്പറേഷനിൽ നിലവിൽ 12 ജീവനക്കാരാണ് അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച് വരുന്നത്. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ടി ജീവനക്കാർ നിലവിലും അന്യത്ര സേവനത്തിൽ തുടർന്നു വരുന്നുണ്ട്. നിലവിൽ ടിയാളുകൾക്ക് 31.10.2026 വരെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതാണ്. ടി ജീവനക്കാരുടെ അന്യത്ര സേവനം തുടർന്നും ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ